(സി) എങ്കിൽ ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി):

(എ-സി) അട്ടപ്പാടിയിൽ ആദിവാസികൾക്ക് വീട് നിർമ്മിച്ചു നൽകിയതിലെ ക്രമക്കേട് സംബന്ധിച്ച പരാതിയിന്മേൽ ഒരു വിജിലൻസ് അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം വിഇ 5/14/പി.കെ.ഡി. നമ്പറായി പാലക്കാട് യൂണിറ്റിന് കീഴിൽ അന്വേഷണം പുരോഗമിച്ചുവരുന്നു. അന്വേഷണം പൂർത്തിയായി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കേ ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാവുകയുള്ളൂ.

അന്യസംസ്ഥാനങ്ങളിൽനിന്ന് മണൽ ഇറക്കുമതി

19 (*769) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് മണൽ കൊണ്ടുവരുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രം പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ & ബി) ഉണ്ട്. ഗുണമേന്മയുള്ള മണലിന്റെ ദൗർലഭ്യത, ലഭിക്കുന്ന മണലിന്റെ ഗുണനിലവാരമില്ലായ്മ, അനിയന്ത്രിത വിലക്കയറ്റം എന്നിവയ്ക്ക് ഒരു പരിധി വരെ പരിഹാരം കാണുന്നതോടൊപ്പം സംസ്ഥാനത്തെ നദികളിൽനിന്നും അനധികൃതമായി മണൽ എടുക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന നിർമ്മിതി കേന്ദ്രം അന്യസംസ്ഥാനങ്ങളിൽനിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ ഹൗസിംഗ് പോളിസിയിൽ ലക്ഷ്യമിട്ടിരിക്കുന്ന സുരക്ഷിത ഭവനം പൗരന്റെ അവകാശം, എല്ലാവർക്കും വീട് എന്നിവ ഉദ്ദേശിച്ച നടപ്പിലാക്കുന്ന വിവിധ ഭവന പദ്ധതികൾക്കും കുറഞ്ഞ നിരക്കിൽ മണൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ 4-3-2014-ലെ ജി.ഒ. (ആർ‌ടി.) നമ്പർ 31/14/ഹൗസിംഗ് എന്ന ഉത്തരവ് പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അന്യസംസ്ഥാനങ്ങളിൽനിന്നും സുതാര്യമായ നടപടിക്രമങ്ങളിലൂടെ മണൽ ഇറക്കുമതി ചെയ്യുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥർ, കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ടെക്നിക്കൽ എക്സ്പെർട്ട് എന്നിവർ ഉൾപ്പെട്ട ഒരു എക്സ്പെർട്ട് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ മൽസര സ്വഭാവമുള്ള ഓഫറുകൾ സ്വീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി.

താരിഫ് അതോറിറ്റി രൂപീകരണ നിർദ്ദേശം

20 (*770) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. എ. ബേബി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യബാധ്യതകൾ മറന്ന് ലാഭം മാത്രം ലക്ഷ്യമിടുന്നതാണ് മുൻറെയിൽവേ ബഡ്ജറ്റെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) താരിഫ് അതോറിറ്റി രൂപീകരണ നിർദ്ദേശം യഥേഷ്ടം നിരക്ക് വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടാണെന്ന ആക്ഷേപം സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ;

(സി) പെട്രോളിന്റെ വിലനിയന്ത്രണാധികാരം സർക്കാരിൽനിന്ന് മാറ്റിയതിന്റെ ഫലമായി യഥേഷ്ടം വില വർദ്ധിപ്പിക്കുന്ന സാഹചര്യം, താരിഫ് അതോറിറ്റി രൂപീകരണത്തോടെ റെയിൽ യാത്രാ-ചരക്കുകൂലി നിരക്കിലും സംഭവിക്കുമെന്ന ആശങ്ക സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഇല്ല.

(ബി&സി) റെയിൽ യാത്രാ നിരക്കും ചരക്കുകൂലിയും നിശ്ചയിക്കുന്നതിനായി ഒരു റെയിൽ താരിഫ് അതോറിറ്റി രൂപീകരിക്കുന്നതിന് തത്വത്തിലുള്ള അംഗീകാരം കേന്ദ്ര ക്യാബിനറ്റ് നൽകിയെന്നും ഈ വർഷം അവസാനത്തോടുകൂടി അതോറിറ്റി പ്രവർത്തനം ആരംഭിക്കുമെന്നും പത്ര മാദ്ധ്യമങ്ങളിൽനിന്നും അറിയുവാൻ സാധിച്ചിട്ടുണ്ട്. ടി അതോറിറ്റി രൂപീകരണത്തിനുശേഷം അതിന്റെ പ്രവർത്തനം വിലയിരുത്തിയശേഷം മാത്രമേ ഇതു സംബന്ധിച്ച് നിലപാട് വ്യക്തമാക്കുവാനാകൂ.